| 19-02-2022 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ - സദാ ഈ ലഹരിയിൽ കഴിയൂ ജ്ഞാന സാഗരനായ ബാബ ജ്ഞാനം നൽകി നമ്മളെ സ്വദർശന ചക്രധാരിയും ത്രികാലദർശിയുമാക്കിയിരിക്കുന്നു, നമ്മളാണ് ബ്രഹ്മാവംശീ ബ്രാഹ്മണർ**

**ചോദ്യം:-** നിങ്ങൾ കുട്ടികൾ ബ്രാഹ്മണരാകുമ്പോൾ തന്നെ കോടി മടങ്ങ് ഭാഗ്യശാലികളാകുന്നു-എങ്ങനെ?
**ഉത്തരം:-** ബ്രാഹ്മണനാകുക അർത്ഥം സെക്കന്റിൽ ജീവൻമുക്തി പ്രാപ്തമാക്കുക. ബാബയുടെ സന്താനമായി സമ്പത്തിന്റെ അധികാരം ലഭിച്ചു. അതുകൊണ്ട് ജീവൻമുക്തി നിങ്ങളുടെ അവകാശമാണ്, അക്കാരണത്താൽ നിങ്ങൾ കോടി മടങ്ങ് ഭാഗ്യശാലികളാണ്. ബാക്കി ഈ മൃത്യുലോകത്തിൽ സൗഭാഗ്യശാലിയായ ആരും തന്നെയില്ല. അകാല മൃത്യു സംഭവിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ കുട്ടികൾ ഇപ്പോൾ കാലന് മേൽ വിജയം നേടുന്നു. നിങ്ങൾക്കിപ്പോൾ ത്രികാലങ്ങളുടെയും ജ്ഞാനമുണ്ട്. ശിവബാബ 21 ജന്മങ്ങളിലേക്ക് നിങ്ങളുടെ സഞ്ചി നിറച്ചുകൊണ്ടിരിക്കുന്നു.

**ഓം ശാന്തി.** കുട്ടികൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ മുള്ളിൽ നിന്ന് പുഷ്പമായിക്കൊണ്ടിരിക്കുകയാണ് അർത്ഥം മനുഷ്യനിൽ നിന്ന് ദേവതയായിക്കൊണ്ടിരിക്കുകയാണ്. ഇത് മുൾക്കാടാണെന്ന് കുട്ടികൾക്കറിയാം. ഇപ്പോൾ വീണ്ടും പൂക്കളുടെ തോട്ടത്തിലേക്ക് പോകണം. ഈ ഡൽഹിയും ഒരു സമയത്ത് സ്വർഗ്ഗമായിരുന്നു. നിങ്ങൾ കുട്ടികൾ രാജ്യം ഭരിച്ചിരുന്നു, എപ്പോഴാണോ ദേവതകളായിരുന്നത്. ചിലർ രാജാവിന്റെ രൂപത്തിൽ, ചിലർ മഹാരാജാവിന്റെ രൂപത്തിൽ, ചിലർ പ്രജയുടെ രൂപത്തിൽ. ഇപ്പോൾ ഈ സൃഷ്ടി ശവപ്പറമ്പാകണമെന്ന് എല്ലാവർക്കുമറിയാം. അതിന് മുകളിൽ നിങ്ങൾ സ്വർഗ്ഗം സ്ഥാപിക്കും. നിങ്ങൾക്കറിയാം ഈ മുഴുവൻ ലോകവും പുതിയതാകും. യമുനയുടെ തീരത്ത് രാധയും-കൃഷ്ണനും, ലക്ഷ്മിയും-നാരായണനും ഉണ്ടായിരുന്നു. രാധയും കൃഷ്ണനും രാജ്യം ഭരിച്ചു എന്നല്ല. രാധയുടെ രാജധാനി വേറെയായിരുന്നു, കൃഷ്ണന്റേത് വേറെയായിരുന്നു. പിന്നീട് രണ്ടുപേരുടെയും സ്വയംവരം നടന്നു. സ്വയംവരത്തിന് ശേഷമാണ് ലക്ഷ്മീ-നാരായണനായി ഈ സ്വർഗ്ഗത്തിൽ, യമുനയുടെ തീരത്ത് രാജ്യം ഭരിക്കുന്നത്. ഈ സിംഹാസനം വളരെ പഴയതാണ്. ആദി സനാതന ദേവീ ദേവതകളുടെ സിംഹാസനം ഇവിടെയാണ് നിലവിലുണ്ടായിരുന്നത്. എന്നാൽ ഈ കാര്യങ്ങളെ കേവലം നിങ്ങൾ കുട്ടികളാണ് അറിയുന്നത്. നിങ്ങൾ തന്നെ നിങ്ങളുടെ സ്വർഗ്ഗം നിർമ്മിച്ചുകൊണ്ടിരിക്കുന്നു. രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. എങ്ങനെ? യോഗബലത്തിലൂടെ. ദേവീ-ദേവതകളുടെ രാജധാനി യുദ്ധത്തിലൂടെയല്ല സ്ഥാപിച്ചിരുന്നത്. നിങ്ങളിവിടെ അയ്യായിരം വർഷങ്ങൾക്ക് മുൻപ് പഠിച്ചിരുന്ന രാജയോഗ ബലം പഠിക്കുന്നതിന് വന്നിരിക്കുന്നു. നിങ്ങൾ കുട്ടികൾ പറയും, അതെ ബാബാ, കൽപം മുൻപും ഇതേ ദിവസം ഇതേ സമയം ഞങ്ങൾ ബാബയിൽ നിന്ന് വിദ്യ അഭ്യസിച്ചിരുന്നു. ഇവിടെ കേവലം കുട്ടികളാണ് വരുന്നത്. കുട്ടികളോടല്ലാതെ ബാബയ്ക്ക് മറ്റാരോടും സംസാരിക്കാൻ സാധിക്കില്ല. ബാബ പറയുന്നു ഞാൻ കുട്ടികളെ മാത്രമാണ് പഠിപ്പിക്കുന്നത്. നിങ്ങൾക്ക് എത്ര ലഹരി ഉണ്ടായിരിക്കണം. ജ്ഞാന സാഗരൻ ബാബയാണ്, ബാബയെ തന്നെയാണ് ജ്ഞാനേശ്വരനെന്ന് പറയുന്നത്, ഇതിന്റെ അർഥമാണ് ഈശ്വരൻ ആരാണോ ജ്ഞാനത്തിന്റെ സാഗരൻ, ആ ഈശ്വരൻ ഈ സമയം നിങ്ങൾക്ക് ജ്ഞാനം നൽകുന്നു. ഏത് ജ്ഞാനം? സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം. നിങ്ങൾ കുട്ടികൾ സ്വദർശന ചക്രധാരിയാകുന്നു. നിങ്ങൾ ബ്രഹ്മാ വംശിയാണ്. രാജ്യം ഭരിക്കുന്ന ആ വിഷ്ണുവംശി സ്വദർശന ചക്രധാരിയോ, ത്രികാലദർശിയോ അല്ല. നിങ്ങൾ ബ്രഹ്മാ വംശികളാണ് പിന്നീട് നിങ്ങൾ തന്നെ ദേവതയാകും. നമ്മൾ തന്നെയാണ് സൂര്യവംശിയായിരുന്നത് പിന്നീട് ചന്ദ്രവംശിയിലേക്ക് പോയി പിന്നീട് വൈശ്യ വംശിയും ശൂദ്ര വംശിയുമായി. ഇപ്പോൾ വീണ്ടും നമ്മൾ ബ്രാഹ്മണ വംശിയായിരിക്കുന്നു. നമ്മളാണ് സ്വദർശന ചക്രധാരികളെന്ന് ഇപ്പോൾ നിങ്ങൾക്കറിയാം. മുഴുവൻ സൃഷ്ടിയുടെയും ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം ഇപ്പോൾ നമ്മളിലുണ്ട്. ഇതിലൂടെ തന്നെ വീണ്ടും ചക്രവർത്തീ രാജാ റാണിയാകും. ഈ ജ്ഞാനം എല്ലാ ധർമ്മത്തിലുള്ളവർക്കും ഉള്ളതാണ്. ശിവബാബ എല്ലാവരോടും പറയുകയാണ് - ഈ ബ്രഹ്മാവിനോടും പറയുകയാണ്, ഇദ്ദേഹത്തിന്റെ ആത്മാവും ഇപ്പോൾ കേട്ടുകൊണ്ടിരിക്കുകയാണ്. നിങ്ങളിപ്പോൾ ബ്രാഹ്മണരാണ്. ഓരോ മനുഷ്യനും ശിവബാബയുടെ സന്താനമാണ് അതുപോലെ ബ്രഹ്മാവിന്റെയും സന്താനമാണ്. ബ്രഹ്മാവാണ് ശാരീരിക മുതു-മുതു മുത്തച്ഛൻ, ശിവബാബ എല്ലാവരുടെയും ആത്മീയ അച്ഛനാണ്. ശിവബാബയെ പ്രജാ പിതാവെന്ന് പറയില്ല. ശിവബാബ ആത്മാക്കളുടെ പിതാവാണ്. ബാബ പറയുന്നു ഞാൻ ഭാരതവാസികൾക്ക് രാജ്യ ഭാഗ്യം നൽകുന്നു, വജ്ര സമാനം സദാ സുഖികളാക്കുന്നു, 21 ജന്മത്തേക്ക് സമ്പത്ത് നൽകുന്നു. പിന്നീട് അവരെപ്പോൾ പൂജ്യരിൽ നിന്ന് പൂജാരിയാകുന്നോ അപ്പോൾ എന്റെ ഗ്ലാനി ചെയ്യാൻ ആരംഭിക്കുന്നു. ബാബ പറയുന്നു - ഇത്രയും

ഉയർന്ന ഞാൻ നിങ്ങളുടെ അച്ഛനാണ്, ഞാൻ തന്നെയാണ് ഭാരതത്തെ സ്വർഗ്ഗമാക്കുന്നത്. നിങ്ങൾ പിന്നീട് സർവ്വവ്യാപിയെന്ന് പറഞ്ഞ് ഗ്ലാനി ചെയ്യുന്നു. അയ്യായിരം വർഷങ്ങൾക്ക് മുൻപ് ഭാരതം സ്വർഗ്ഗമായിരുന്നു. ഇന്നലെകളിലെ കാര്യമാണ്. നിങ്ങൾ തന്നെയായിരുന്നു രാജ്യം ഭരിച്ചിരുന്നത്, പ്രകാശമായിരുന്നു, ഇന്ന് അന്ധകാരമാണ്. എന്നാൽ ഇത്തന്നെ സ്വർഗ്ഗമെന്നാണ് കരുതുന്നത്. ഭാരതവാസി പാടുന്നുണ്ട് പുതിയ ലോകത്തിൽ പുതിയ ഭാരതം രാമരാജ്യമാണ്. മനുഷ്യർ പിന്നീട് ഇത് തന്നെ പുതിയതെന്ന് മനസ്സിലാക്കിയിരിക്കുന്നു. ഇതും ഡ്രാമയാണ്. ഈ സമയം മായയുടെ അന്തിമ *ഷോയാണ്.* ഇപ്പോൾ രാവണ രാജ്യം മരിച്ച് രാമരാജ്യം ജയിക്കണം. രാമരാജ്യമെന്ന് ഒരു രാമന്റെയും സീതയുടെയും രാജ്യത്തെയല്ല പറയുന്നത്. സൂര്യവംശീ രാജ്യത്തെ തന്നെയാണ് രാമരാജ്യമെന്ന് പറയുന്നത്. നിങ്ങൾ വന്നിരിക്കുന്നു സൂര്യവംശീ രാജാ റാണിയാകുന്നതിന്. ഇത് രാജയോഗമാണ്. ഈ ജ്ഞാനം ഒരു ബ്രഹ്മാവോ കൃഷ്ണനോ അല്ല പഠിപ്പിക്കുന്നത്. ഇത് പരംപിതാ പരമാത്മാവ് തന്നെയാണ് പഠിപ്പിക്കുന്നത്. പതിത-പാവനൻ ആ ബാബയാണ്, മുഴുവൻ വിശ്വത്തെയും സ്വർഗ്ഗമാക്കുന്നത്, സുഖ-ശാന്തി നൽകുന്നത്. ഈ ഭാരതം ആദ്യം സുഖധാമമായിരുന്നു. വരുന്നത് എല്ലാവരും ശാന്തിധാമത്തിൽ നിന്നാണ്. ഞാൻ ആത്മാവ് ആദ്യം ശാന്തിധാമ നിവാസിയാണ്. ആത്മാവും പരമാത്മാവും ഒന്നല്ല. ഞാൻ ആത്മാവ് ആദ്യം സൂര്യവംശിയായിരുന്നു പിന്നീട് ക്ഷത്രിയനും, വൈശ്യനും, ശൂദ്രനുമായി. ഇപ്പോൾ വീണ്ടും ബ്രാഹ്മണ വംശത്തിലേക്ക് വന്നിരിക്കുന്നു. ഈ ചക്രം അർത്ഥം കരണം മറിച്ചിലിന്റെ കളിയാണ്. ഏറ്റവും ആദ്യം കുടുമയായ ബ്രാഹ്മണൻ പിന്നീട് ക്ഷത്രിയൻ, ആകെ 84 ജന്മം അനുഭവിക്കേണ്ടതായുണ്ട്. കുട്ടികളേ, ഇതിൽ ആശയക്കുഴപ്പത്തിന്റെ ഒരുകാര്യവുമില്ല. *സെക്കന്റിലാണ്* ജീവൻമുക്തി. ബാബയുടെ സന്താനമായി സമ്പത്തിന് യോഗ്യരായി. അമ്മയുടെ ഗർഭത്തിൽ നിന്ന് പുറത്ത് വന്നു സമ്പത്തെടുത്തു. ഇതും *സെക്കന്റിന്റെ* കാര്യമാണ്. ജനകന് *സെക്കന്റിലല്ലേ* ജീവൻമുക്തി ലഭിച്ചത്. നിങ്ങളും ഈശ്വരന്റേതായിട്ടുണ്ടെങ്കിൽ ജീവൻമുക്തി നിങ്ങളുടെ അവകാശമാണ്. നിങ്ങൾ അമരലോകത്തിന്റെ അധികാരിയാകുന്നു, ഇത് മൃത്യുലോകമാണ്. നിങ്ങളെ പോലെ സൗഭാഗ്യശാലിയായി മറ്റാരും തന്നെയില്ല. ഇവിടെയാണെങ്കിൽ അകാല മൃത്യു സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ നിങ്ങൾ കാലന് മേൽ വിജയം നേടുന്നു. ബാബ കാലൻമാരുടെയും കാലനാണ്, അപ്പോൾ ആ ബാബയിൽ നിന്ന് നിങ്ങൾക്ക് എത്ര സമ്പത്താണ് ലഭിക്കുന്നത്. ഇത് സന്യാസിക്കറിയില്ല. എല്ലാ ധർമ്മങ്ങളെയും അറിയണം അതുകൊണ്ടാണ് ഈ ചിത്രം ഉണ്ടാക്കിയിട്ടുള്ളത്. ഇത് പാഠശാലയാണ്. ആരാണ് പഠിപ്പിക്കുന്നത്? ഭഗവാനുവാചാ, കൃഷ്ണനല്ല പഠിപ്പിക്കുന്നത്. ജ്ഞാനത്തിന്റെ സാഗരൻ കൃഷ്ണനല്ല. അത് പരംപിതാ പരമാത്മാവാണ്, ആ പരമാത്മാവാണ് നിങ്ങൾക്ക് ജ്ഞാനം നൽകുന്നത്. നിങ്ങൾ ജ്ഞാന ഗംഗകളാണ്. ദേവതകളിൽ ഈ ജ്ഞാനം ഉണ്ടായിരിക്കുകയേ ഇല്ല. നിങ്ങൾ ബ്രാഹ്മണരിൽ മാത്രമാണ് ത്രികാലങ്ങളുടെ ജ്ഞാനമുള്ളത്. നിങ്ങൾ തന്നെയാണ് ഈ സമയം ജ്ഞാനം പഠിച്ച് സമ്പത്ത് നേടുന്നത്. രാജയോഗം പഠിച്ച് സ്വർഗ്ഗത്തിന്റെ രാജാ റാണിയാകുന്നു.

നിങ്ങൾക്കറിയാം നമ്മൾ ബാബയിലൂടെ കാലന് മേൽ വിജയം നേടും. അവിടെ നിങ്ങൾക്ക് സാക്ഷാത്ക്കാരമുണ്ടാകും ഈ പഴയ ശരീരം ഉപേക്ഷിച്ച് പോയി ചെറിയ കുട്ടിയാകും. സർപ്പത്തിന്റെ ഉദാഹരണം... ഈ എല്ലാ ഉദാഹരണങ്ങളും നിങ്ങൾക്ക് തന്നെ ഉള്ളതാണ്. ഇതേ ഭാരതം മുൻപ് ശിവാലയമായിരുന്നു. ചൈതന്യ ദേവീ-ദേവതകളുടെ രാജ്യമായിരുന്നു, അവരുടെ ക്ഷേത്രങ്ങളാണ് ഉണ്ടാക്കിയിരിക്കുന്നത്. ശിവബാബ വന്ന് ശിവാലയമുണ്ടാക്കുന്നു. രാവണൻ പിന്നീട് വേശ്യാലയമാക്കുന്നു. വലിയ-വലിയ വിദ്വാൻമാർക്കോ പണ്ഢിതൻമാർക്കോ പോലും അറിയില്ല രാവണൻ എന്ത് വസ്തുവാണെന്ന്. അരകൽപം രാവണന്റെ രാജ്യമാണ് നടക്കുന്നതെന്ന് നിങ്ങൾക്കറിയാം. ഡൽഹിയിൽ ആദ്യം ദേവീ-ദേവത ലക്ഷ്മീ-നാരായണന്റെ രാജ്യമായിരുന്നു. പറയുന്നുമുണ്ട് ക്രിസ്തുവിന് മൂവായിരം വർഷങ്ങൾക്ക് മുൻപ് ഭാരതം സ്വർഗ്ഗമായിരുന്നു. എന്നാൽ പിന്നീട് മറന്ന് പോയിരിക്കുന്നു. ആരെങ്കിലും മരിക്കുകയാണെങ്കിൽ സ്വർഗ്ഗവാസിയായെന്ന് പറയുന്നു. മുഖം മധുരമാക്കുന്നു. ഭാരതം എപ്പോഴാണോ സ്വർഗ്ഗമായിരുന്നത് അപ്പോൾ പുനർജന്മവും സ്വർഗ്ഗത്തിൽ തന്നെയാണ് എടുത്തിരുന്നത്. ഇപ്പോൾ ഭാരതം നരകമാണ് അതുകൊണ്ട് പുനർജന്മവും നരകത്തിലാണ് എടുക്കുന്നത്. ബാബ പറയുന്നു കുട്ടികളേ നിങ്ങൾക്ക് ഓർമ്മയില്ലേ - കൽപ-കൽപം ഞാൻ വന്ന് നിങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നു. ഇപ്പോൾ നിങ്ങൾ പതിതത്തിൽ നിന്ന് പാവനമായിക്കൊണ്ടിരിക്കുന്നു. ഈ കർത്തവ്യം ഒരേയൊരു ബാബയുടേതാണ്. കുട്ടികളുടെ ബുദ്ധിയിലുണ്ട് - ഉയർന്നതിലും ഉയർന്ന ശിവബാബ, ഈ ബ്രഹ്മാവിലൂടെ എല്ലാ വേദ ശാസ്ത്രങ്ങളുടെയും സാരം മനസ്സിലാക്കി തരുന്നു. ഭക്തിമാർഗ്ഗത്തിൽ മനുഷ്യർ ചിലവ് ചെയ്ത് ചെയ്ത് കക്കയ്ക്ക് സമാനമായിരിക്കുന്നു. ബാബ പറയുന്നു ഞാൻ നിങ്ങൾ കുട്ടികൾക്ക് വജ്ര രത്നങ്ങളുടെ കൊട്ടാരമുണ്ടാക്കി നൽകി. പിന്നീട് നിങ്ങൾക്ക് താഴേക്ക് ഇറങ്ങുക തന്നെ വേണമായിരുന്നു. കലകൾ കുറയുക തന്നെ വേണമായിരുന്നു. ആ സമയം ആർക്കും തിരിച്ച് കയറാൻ സാധിക്കില്ല എന്തുകൊണ്ടെന്നാൽ വീഴുന്ന കലയുടെ സമ

യമാണ്. ഈ സമയം നിങ്ങൾ ഏറ്റവും ഉയർന്ന ഈശ്വരീയ സന്താനമാണ് പിന്നീട് ദേവതയും, ക്ഷത്രിയനും. . . ആകുക തന്നെ വേണം. ആര് എത്ര തന്നെ ദാന-പുണ്യം ചെയ്താലും, ഭക്തി മാർഗ്ഗത്തിൽ ചിലവ് ചെയ്ത് ചെയ്ത് കലകൾ ഇറങ്ങുക തന്നെ വേണം. ബാബയും കുട്ടികളോട് ചോദിക്കാറുണ്ട് ഞാൻ നിങ്ങളെ ഇത്രയും ധനവാൻമാരാക്കി, നിങ്ങൾ ഇത്രയും ധനം എന്ത് ചെയ്തു? കുട്ടികൾ പറയുന്നു ബാബാ അങ്ങയുടെ തന്നെ ക്ഷേത്രങ്ങളുണ്ടാക്കി. ഇപ്പോൾ വീണ്ടും ഭോലാനാഥനായ ബാബ 21 ജന്മത്തേക്ക് നമ്മുടെ സഞ്ചി നിറച്ചുകൊണ്ടിരിക്കുന്നു. ബാബ പറയുന്നു ഞാൻ നിങ്ങളുടെ വളരെ അനുസരണയുള്ള സേവകൻ. . . . വളരെ അനുസരണയുള്ള അച്ഛൻ, വളരെ അനുസരണയുള്ള ടീച്ചറാണ്. പാരലൗകിക അച്ഛനും, പാരലൗകിക ടീച്ചറും, പരലോകത്തിൽ വസിക്കുന്ന ഏറ്റവും അനുസരണയുള്ള സത്ഗുരുവുമാണ്. നിങ്ങളെ കൂടെ കൊണ്ട് പോകും മറ്റൊരു ഗുരുവും നിങ്ങളെ കൂടെ കൊണ്ട് പോകില്ല. ഇതിൽ പേടിക്കേണ്ട ഒരു കാര്യവുമില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ജ്ഞാനത്തിന്റെ മൂന്നാം നേത്രം ലഭിച്ചിരിക്കുന്നു, ശരീരത്തിന്റെ കണ്ണു കൊണ്ട് ഈ ബ്രഹ്മാബാബയെയാണ് കാണുന്നത്, ശിവബാബയെ ബുദ്ധിയുടെ നേത്രത്തിലൂടെയാണ് അറിയുന്നത്. സമ്പത്ത് ശിവബാബയിൽ നിന്നാണ് ലഭിക്കുന്നത്. ഈ ബ്രഹ്മാവിനും സമ്പത്ത് ശിവബാബയിൽ നിന്നാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഏറ്റവും ഉയർന്നത് ശിവബാബയാണ് പിന്നീട് ബ്രഹ്മാ വിഷ്ണു ശങ്കരൻ, പിന്നീട് ബ്രഹ്മാ സരസ്വതി, പിന്നീട് ലക്ഷ്മീ-നാരായണൻ അത്രമാത്രം. അവർ എത്ര ചിത്രങ്ങളാണ് ഉണ്ടാക്കിയിരിക്കുന്നത്. 6-8 കൈകളുള്ള ആരും തന്നെയില്ല. ഇതെല്ലാം ഭക്തി മാർഗ്ഗത്തിലെ കളികളാണ്. സമയ നഷ്ടം, ഊർജ്ജ നഷ്ടം. . . വാസ്തവത്തിൽ സർവ്വ ശാസ്ത്രങ്ങളുടെയും ശിരോമണി ഗീതയാണ്. അതിൽ പോലും അച്ഛന്റെ പേരിന് പകരം മകന്റെ പേരെഴുതി വലിയ തെറ്റ് വരുത്തി. ഇതും ഡ്രാമയാണ്. സർവ്വരുടെയും സദ്ഗതി ദാതാവ്, പതിത-പാവനൻ ഒരേ ഒരു ബാബയാണ്. പിന്നീട് രണ്ടാമതുള്ള അച്ഛനാണ് പ്രജാപിതാ ബ്രഹ്മാവ്, മൂന്നാമത്തേതാണ് ലൗകിക അച്ഛൻ. എല്ലാ ജന്മത്തിലും രണ്ടച്ഛൻമാരെ ലഭിക്കുന്നു. ഈ ഒരേഒരു സമയത്താണ് മൂന്നച്ഛൻമാരെ ലഭിക്കുന്നത്. ഇതിൽ സംശയിക്കേണ്ട യാതൊരു കാര്യവും തന്നെയില്ല. ജ്ഞാനം, ഭക്തി, വൈരാഗ്യമെന്ന് പറയാറുണ്ട്. വൈരാഗ്യവും രണ്ട് പ്രകാരത്തിലുണ്ട്. ഒന്ന് പരിധിയുള്ളത്, രണ്ടാമത് പരിധിയില്ലാത്തത്. സന്യാസി വീടും കുടുംബവും ഉപേക്ഷിച്ച് കാട്ടിലേക്ക് പോകുന്നു. ഇവിടെ മുഴുവൻ പഴയ ലോകത്തയും ബുദ്ധികൊണ്ട് ഉപേക്ഷിക്കുന്നു. അതാണ് ഹഠയോഗം, ഇതാണ് രാജയോഗം. ഹഠയോഗിക്ക് ഒരിക്കലും രാജയോഗം പഠിപ്പിക്കാൻ സാധിക്കില്ല. വളരെ നല്ല-നല്ല കാര്യങ്ങൾ മനസ്സിലാക്കുന്നതിനുള്ളതാണ്. നിങ്ങൾ കുട്ടികൾ മാത്രമാണ് ഈ സമയം മുള്ളിൽ നിന്ന് പുഷ്പമാകുന്നത്. ഒന്നാം *നമ്പറിലുള്ളത്* ദേഹ-അഭിമാനത്തിന്റെ വലിയ മുള്ളാണ്. അതിനെ ബാബയ്ക്ക് മാത്രമേ വേർപെടുത്താൻ സാധിക്കൂ. മറ്റാർക്കും തന്നെ അതിനുള്ള ശക്തിയില്ല. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഈ പഴയ ലോകത്തെ ബുദ്ധി കൊണ്ട് മറന്ന് പരിധിയില്ലാത്ത വൈരാഗിയാകണം. ദേഹ-അഭിമാനത്തിന്റെ ഭൂതത്തെ അകറ്റണം.

2) ബാബയ്ക്ക് സമാനം അനുസരണയുള്ളവരായി സേവനം ചെയ്യണം. തനിക്ക് സമാനമാക്കണം. ഒരു കാര്യത്തിലും ആശയക്കുഴപ്പത്തിൽ വരരുത്.

### വരദാനം:- പരമാത്മാ സ്നേഹത്തിന്റെ ആധാരത്തിൽ ദു:ഖത്തിന്റെ ലോകത്തെ മറക്കുന്ന സുഖ-ശാന്തി സമ്പന്നരായി ഭവിക്കട്ടെ.

പരമാത്മാ സ്നേഹം അത്രയും സുഖദായിയാണ്, അതിൽ മുഴുകിയിരിക്കുകയാണെങ്കിൽ ഈ ദു:ഖത്തിന്റെ ലോകം മറന്നുപോകും. ഈ ജീവിതത്തിൽ എന്ത് വേണമോ ആ സർവ്വ ആഗ്രഹങ്ങളും പൂർത്തീകരിച്ച് തരിക- ഇത് തന്നെയാണ് പരമാത്മാ സ്നേഹത്തിന്റെ അടയാളം. ബാബ സുഖ-ശാന്തി നൽകുക മാത്രമല്ല, അതിന്റെ ഭണ്ഡാര കൂടിയാക്കി മാറ്റുന്നു. ബാബ സുഖത്തിന്റെ സാഗരമാണ്, നദിയോ കുളമോ

അല്ല എന്നത് പോലെ കുട്ടികളെയും സുഖത്തിന്റെ ഭണ്ഡാരത്തിന്റെ അധികാരിയാക്കി മാറ്റുന്നു, അതിനാൽ യാചിക്കേണ്ട ആവശ്യകതയില്ല, കേവലം ലഭിച്ച ഖജനാവുകളെ വിധിപൂർവ്വം സമയാസമയം കാര്യങ്ങളിൽ ഉപയോഗിക്കൂ.

## സ്ലോഗൻ:- തന്റെ സർവ്വ ഉത്തരവാദിത്വങ്ങളുടെയും ഭാരം ബാബക്ക് കൈമാറി ഡബിൾ ലൈറ്റാകൂ.

### മാതേശ്വരിജിയുടെ അമൂല്യ മഹാവാക്യങ്ങൾ-

### "നിരാകാരനായ പരമാത്മാവിന്റെ തന്റെ സാകാര ബ്രഹ്മാശരീരത്തിൽ പ്രവേശിക്കുന്നതിന്റെ വിചിത്രമായ യുക്തി".

നോക്കൂ, പരമാത്മാവ് തന്റെ യുക്തി രചിച്ചിരിക്കുന്നത്, അതായത് തന്റെ സാകാര ശരീരം നിശ്ചയിക്കപ്പെട്ടതാണ്, ആ പ്രകൃതിയുടെ ആധാരം സ്വീകരിക്കുന്നു. അതല്ലെങ്കിൽ നാം സാകാര മനുഷ്യാത്മാക്കൾക്ക് നിരാകാരന്റെ മടിയിൽ എങ്ങിനെയാണ് ഇരിക്കാൻ സാധിക്കുക. അതിനാൽ പരമാത്മാവ് പറയുന്നു, സാകാര രൂപത്തിൽ വന്ന് നിങ്ങൾ എന്റെ മടിയിലിരിക്കൂ, ഇതിന് ഒന്നും നൽകേണ്ട കാര്യമേയില്ല. കേവലം നിങ്ങളെ ദു:ഖിയും അശാന്തരുമാക്കി മാറ്റിയ 5 വികാരങ്ങളെ സന്യാസം ചെയ്ത് പരമാത്മാവായ എന്നെ ഓർമ്മിക്കുക. മനസാ-വാചാ-കർമ്മണാ എന്റെ നിർദ്ദേശ പ്രകാരം നടക്കൂ, എങ്കിൽ ഞാൻ നിങ്ങളുടെ പാപങ്ങളെ ഭസ്മമാക്കി പരംധാമത്തിലേക്ക് കൂട്ടിക്കൊണ്ടുപോകും. ഇതാണ് പരമാത്മാവിന്റെ നമ്മൾ ആത്മാക്കളോടുള്ള പ്രതിജ്ഞ. ഇപ്പോൾ പരമാത്മാവിന്റെ ആജ്ഞ അനുസരിച്ച് നടക്കണം, കേവലം മാതാ-പിതാവ് എന്ന് മാത്രം പറഞ്ഞത് കൊണ്ടായില്ല, മറിച്ച് സമ്പൂർണ്ണമായി പരമാത്മാവിന്റേതായി മാറുന്നതിലൂടെ സമ്പൂർണ്ണ പ്രാപ്തിയുണ്ടാകുന്നു, അൽപമേ സംബന്ധം വെക്കുന്നുള്ളുവെങ്കിൽ അൽപമേ ലഭിക്കൂ. ഇപ്പോൾ എന്താണോ അച്ഛന്റെ ജോലി അത് തന്നെയാണ് മക്കളുടെയും ജോലി. ഇവിടെ ഉപേക്ഷിക്കുന്നതിന്റെ കാര്യമേയില്ല, ഇവിടെയാണെങ്കിൽ 21 ജന്മം വരെ ആ സ്വത്ത് അനുഭവിക്കാം. ഇപ്പോൾ ഇത്രയും മനസ്സിലാക്കണം, പരമാത്മാവിനേക്കാൾ വലിയ അഥോറിറ്റി മറ്റാരും തന്നെയില്ല, അതുകൊണ്ടാണ് പറയാറുള്ളത്, ഞാൻ ആരാണോ, എങ്ങനെയാണോ അതേ രൂപത്തിൽ എന്നെ ഓർമ്മിക്കൂ. ഇപ്പോൾ ബാബ തന്റെ കടമ പാലിച്ചു, ഇനി കുട്ടികൾക്ക് തങ്ങളുടെ കടമ നിർവ്വഹിക്കണം. ഈ വികാരി സമൂഹത്തിലെ അർത്ഥം വികാരീ കുലമര്യാദകളാണെങ്കിൽ ജന്മ-ജന്മാന്തരങ്ങളായി പാലിച്ചുവന്നിട്ടുള്ളതാണ്, അതിലൂടെ ഒന്നുകൂടി കർമ്മബന്ധനത്തിലായി. ഇനിയിപ്പോൾ പാരലൗകിക മര്യാദ അർത്ഥം പരമാത്മാവിനോടൊപ്പം അലൗകിക കാര്യത്തിൽ സഹായിയാകണം. നമ്മുടെ സംബന്ധം ഇപ്പോൾ ഏറ്റവും ഉയർന്ന അഥോറിറ്റിയുമായാണ്. നാം ആ ഭഗവാന്റെ സന്താനങ്ങളാണ്, അദ്ദേഹം വന്ന് സാകാര ശരീരത്തിലൂടെ നമുക്ക് ജ്ഞാനം നൽകിക്കൊണ്ടിരിക്കയാണ്, അതിനാൽ എന്തുകൊണ്ട് പദവിയോടുകൂടി പാസ്സായിക്കൂടാ. ഓരോരുത്തരുടെയും പുരുഷാർത്ഥത്തിലൂടെ അറിയാം ഇത് ഭഗവാനാണോ അതോ അല്ലേ എന്ന്. അഥവാ ആരെങ്കിലും പരമാത്മാവിന്റെ മടിയിലിരുന്ന്, ഞങ്ങൾ പരമാത്മാവിന്റെ അവകാശികളായ മക്കളാണ് എന്ന് പന്തയം വെച്ച് പിന്നീട് ഉപേക്ഷിച്ചുപോവുകയാണെങ്കിൽ അങ്ങനെയുള്ള കുട്ടികളെ ഭസ്മാസുരൻ എന്ന് പറയുമല്ലോ! കയറിയാൽ ഉയർന്ന പദവി, വീണാൽ ഭസ്മാസുരനായിപ്പോകുന്നു. ഇപ്പോൾ ഇതോർമ്മിക്കുക, ആരോടൊപ്പമാണ് നമ്മുടെ സംബന്ധം? ആ സംബന്ധത്തിൽ വരുന്നതിന് വേണ്ടി സ്വയം ദേവതകൾ പോലും ആഗ്രഹിക്കുന്നു. ഓം ശാന്തി.